"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/407/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-12-2023

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന ക്യാൻസർ നിർണ്ണയ ക്യാമ്പ് തുടരുന്നത് - സംബന്ധിച്ച്.

സൂചന:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. 25.10.2023ലെ ഡിഎ1/363/2023-തസ്വഭവ നമ്പർ സർക്കുലർ
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.11.2023-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 3.1

**********************

കിഡ്നി രോഗങ്ങളും കരൾ രോഗങ്ങളും ക്യാൻസറും മുൻകൂട്ടി കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണെന്ന് സൂചന 1, 2 മാർഗ്ഗരേഖകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെയും സഹായം ഇതിനായി തേടാനും അനുമതിയുണ്ട്. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ല, താലൂക്ക് ആശുപത്രികളിലും ജനറൽ ആശുപത്രികളിലും സ്ഥിരം സംവിധാനമായി ക്യാമ്പ് നടത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾ അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

ക്യാൻസർ നിർണ്ണയത്തിനും പരിശോധനയ്ക്കും വ്യവസ്ഥാപിതമായ രീതി ആരോഗ്യ വകുപ്പിന് കീഴിൽ നിലവിലുള്ളതിനാലും നിലവിലുള്ള പ്രോട്ടോകോൾ അനുസരിച്ച് ആരോഗ്യ വകുപ്പിന്റെ മാർഗ്ഗരേഖ ക്യാൻസർ പരിശോധനയും ചികിത്സയും ക്രമപ്പെടുത്തുന്ന വിഷയത്തിൽ പുറപ്പെടുവിച്ചതിന് ശേഷം വ്യക്തത വരുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് നിർദ്ദേശം നൽകാമെന്നതിനാലും ആരോഗ്യ വകുപ്പിന്റെ 'ശൈലി' ആപ്പ് ഉപയോഗിച്ച് ക്യാമ്പിന്റെ സ്വഭാവത്തിലുള്ള പരിശോധന നടന്നുവരുന്നതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ക്യാൻസർ നിർണ്ണയ ക്യാമ്പ് നടത്തുന്ന രീതി ആവശ്യമില്ലെന്ന് സൂചിത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്ന ക്യാൻസർ നിർണ്ണയ ക്യാമ്പ് നിർത്തിവെച്ചിട്ടുണ്ട് എന്ന് സർക്കാർ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ, ആരോഗ്യ വകുപ്പുമായി ചേർന്ന് മാർഗ്ഗരേഖ പുറപ്പെടുവിക്കുംവരെ, ക്യാൻസർ പരിശോധനാ ക്യാമ്പ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക്

നടത്താവുന്നതാണ് എന്ന് വ്യക്തത വരുത്തുന്നു. എന്നാൽ ഇത്തരം ക്യാമ്പുകൾ നടത്തുമ്പോൾ തുടർ പരിശോധനയും ചികിത്സയും ആവശ്യമുള്ളവർക്ക്, അവ ആരോഗ്യവകുപ്പ് മുഖേന ഉറപ്പുവരുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അറബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ആരോഗ്യ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
14. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
15. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
16. ഡയറക്ടർ ജനറൽ, കില
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 01-12-2023 11:20:43

സെക്ഷൻ ഓഫീസർ.